# പാംസുസ്നാനം

## വള്ളത്തോൾ

**'ഹാ കണ്ടതിൽക്കണ്ടതലീശ്വരത്വം**
കൽപിച്ചു നടന്നൊടുക്കം
നിരീശ്വരത്വത്തിലടിഞ്ഞുവീണു;
നിരസ്ത വിശ്വാസരറേബിയക്കാർ!

കുറുമ്പുമാറാത്ത കുറൈഷിവര്യ-
ർക്കോതിക്കൊടുത്തേൻ പലവട്ടവും ഞാൻ:
'ഈ നിങ്ങൾ കൂപ്പും മരമല്ല, കല്ല-
ല്ല,ള്ളാവു സർവാതിശക്തനേകൻ.'

ഇവർക്കിരുട്ടേ പ്രിയമിത്രമൂതി-
ക്കെടുക്കയായ്, കൈത്തിരികൊണ്ടുചെന്നാൽ;
മിന്നാമിനുങ്ങിൻ ചെറുതാം വെളിച്ചം
പോലും സഹിക്കാത്ത തമസ്സിതേതോ!
കലാവിശേഷം കൊലയിബ്ബലോഗ്ര-
ർക്കിത്തൃഡ്വശന്മാർക്കെരികള്ളിളംപോൽ;
പിശാചർ വംശേശ്വരരിക്കുഭക്ത-
ർക്കി, തിൽക്കവിഞ്ഞെന്തവിവേകമുള്ളൂ?
കഷ്ടാവമാനങ്ങളിൽ വീഴ്തിടുന്നൂ
കാമാതിരേകാൽക്കുലനാരിമാരേ;
ആരാധ്യമാരാമവരമ്മപെങ്ങ-
ന്മാരെന്നു കാൺമാനിവർ കൺമിഴിക്കാ!
മൃഗോപമന്മാർ പെരുമക്കൃഷിക്കു
നുകങ്ങൾ വെപ്പൂ, നരർതൻ കഴുത്തിൽ,
സഗർഭ്യരെച്ചെന്നടിമക്കുടുക്കി-
ട്ടങ്ങോട്ടുമിങ്ങോട്ടുമിഴച്ചിടുന്നൂ
സൗധങ്ങൾതോറും സമസൃഷ്ടദുഃഖ-
ക്കണ്ണീരുകൊണ്ടേ പനിനീരൊഴുക്കീ,
അനേകദുർവൃത്തികളെപ്പുണർന്നു
രമിക്കയാണി, സ്സുഖലോലുപന്മാർ!
അശക്തമാമെന്നുടെ ഹസ്തമെങ്ങീ-
യധഃസ്ഥിതോദ്ധാരണകൃത്യമെങ്ങോ?
ചളിക്കകത്താഴുമൊരാനയെപ്പോയ്-
പ്പിടിച്ചു കേറ്റാൻ കുഴിയാനതാനോ!
കരുത്തനമ്മാമനു, മാത്മനാഥ
കദീജയും കീർത്ത്യവശേഷരായ്പ്പോയ്;
ഞാനേകനെ,ൻ ചുറ്റുമൊരെട്ടുപത്ത-
ല്ലെ, ൻചോരയിൽത്തൃഷ്ണ വളർന്ന ഖഡ്ഗം!'

ഇതൊക്കെയാവാം നിനവാ, യിരത്തി-
മുന്നൂറുകൊല്ലത്തിനു മുമ്പൊരിക്കൽ,
മെക്കായിലെക്കൈവഴിയൊന്നിലൂടേ
നടന്നുപോകും നബിതൻ മനസ്സിൽ.
'കില്ലില്ല, ഞാനെന്നുടെ ചോരകൊണ്ടു-
മിദ്ധർമ്മസസ്യത്തെ നനച്ചുനോക്കും;'
ആ മാതൃകാകർഷകനായ കൃസ്തു-
വവ്വണ്ണമല്ലോ ഭുവി ചെയ്തു കാട്ടീ.
അധൈര്യമേ, നിൻകെടുമഞ്ഞു വീഴാ-
യ്ക, ഹമ്മദിൻ സജ്വരമായ നെഞ്ചിൽ;
ചന്ദ്രാർക്കരെക്കൈകളിൽ വെച്ചുതന്നാൽ-
പ്പോലും നിറുത്തില്ല, വനിപ്രയത്നം!
ഇത്തീർപ്പു പേർത്തും മുറുകീ, മഹാന്റെ
പാഴ്ചൊല്ലു തീണ്ടാത്ത ശുഭാധരത്തിൽ
ഓരോ പരിക്ലേശവുമീദൃശന്മാ-
ർക്കുച്ചൈർഗ്ഗതിക്കുള്ള ചവുട്ടുകല്ലാം.

പെട്ടെന്നു പാർശ്വങ്ങളിൽനിന്നു ഹാ, ഹാ-
മൺ കോരിയിട്ടാർ ചില മുഷ്കരന്മാർ,
കൃതജ്ഞരെങ്കിൽ, ക്കനകാഭിഷേകം
ചെയ്യേണ്ടതാമീഗ്ഗുരുവിൻ ശിരസ്സിൽ!

രജസ്തമോദോഷമകറ്റി നാട്ടിൽ-
സ്സത്ത്വം പരത്തുന്നൊരു സത്യവാനേ,
രജസ്സു വർഷിച്ചു നിറംകെടുത്താ-
നൊരുങ്ങിപോൽ, മർത്ത്യകുലേ പിറന്നോർ!

മറ്റെന്തു, മന്നിൻനിഴൽ പൂകി ചന്ദ്രൻ;
പാഴ്മഞ്ഞിനാൽ പ്രാവൃതമായ് പ്രഭാതം;
മിഥ്യാപവാദതത്തിൽ മറഞ്ഞു സത്യ-

മവിദ്യതൻ മൂടലിലായ് വിബോധം!

വിജ്ഞാനഗർഭം തിരുമൗലി തൊട്ടു
സന്മാർഗസഞ്ചാരി പദംവരെയ്ക്കും
പാംസൂൽക്കരം പറ്റിയ ശുദ്ധിമാനെ–
പ്പാർത്തങ്ങു തെമ്മാടികൾ കൂക്കിയാർത്തു:

'അയ്യയ്യ, മൺകൊണ്ടഭിഷിക്തനായി–
ക്കഴിഞ്ഞുവല്ലോ, മതസാർവ്വഭൗമൻ;
മുഴക്കുവിൻ ഹേ ജയശബ്ദമെങ്ങും;
വാഴട്ടെ, യിസ്ലാംതിരുമേനി നീണാൾ!

അന്നീ നരസ്നേഹി നമസ്കരിച്ചു
കിടന്നപോതി, ത്തിരുവങ്കഴുത്തിൽ
ഒരൊട്ടകത്തിൻ കുടൽമാല ചാർത്തി–
പ്പാനേ ലഭിച്ചുള്ളു നമുക്കു ഭാഗ്യം!

മദോന്നതം, മറ്റൊരു യേശുവാമീ
മതാധിരാജന്റെയുമുത്തമാംഗം
ശ്രീമുൾക്കിരീടാർപ്പണയോഗ്യമല്ലോ;
കർത്തവ്യകർമങ്ങളിൽ മന്ദർ നമ്മൾ!'

ഈദ്ധൂളികൊണ്ടോ കളിയാക്കൽകൊണ്ടോ
മുഖാഭ മങ്ങാതെയഭംഗസത്ത്വൻ,
മണ്ണിൽക്കുളിച്ചോരു ഗജം കണക്കേ
മന്ദം നടന്നാത്മഗൃഹത്തിലെത്തി.

ആമൂർദ്ധപാദം പൊടിമൺപുരണ്ട
പിതാവിനെക്കണ്ടതിവെമ്പലോടെ
താൻതാൻ കുളിപ്പിപ്പതിനായ് മുതിർന്നൂ
തണ്ണീർക്കുടംകൊണ്ട, ഴലാണ്ട പുത്രീ:

പിടിച്ചിരുത്തിച്ചളി പോക്കുവാനായ്–
പ്പകർന്ന കുംഭോദകമോടുകൂടീ,
താതന്റെ ഗാത്രങ്ങളിലാപതിച്ചൂ,
കുമാരിയാൾ തൻ ചുടുകണ്ണീരും.

മാലാർന്നു കേഴും മകളെത്തലോടി–
ക്കൊണ്ടാശ്വസിപ്പിച്ചു സുശാന്തശീലൻ;
'നിന്നിച്ചരനെക്കാത്തരുളാതിരിക്കി–
ല്ലുള്ളാവു; പാഴിൽക്കരയായ്ക കുഞ്ഞേ!'

*(ഡി.സി ബുക്സ്, കോട്ടയം പ്രസിദ്ധീകരിച്ച സാഹിത്യമഞ്ജരി എട്ടാം ഭാഗത്തിൽനിന്ന്)*